കാഞ്ഞങ്ങാട് മണ്ഡലത്തിൽ അനുവദിച്ച ധനസഹായം

55 (7614) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് എം.എൽ.എ.യുടെ ശുപാർശ പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആകെ എത്ര രൂപ, എത്ര പേർക്ക് അനുവദിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) അനുവദിച്ച സഹായത്തിൽ ഇനിയും എത്രപേർക്ക് തുക ലഭിക്കുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

കാൻസർ രോഗികൾക്കുള്ള ധനസഹായം

56 (7615) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ കാൻസർ രോഗികൾ എം.എൽ.എ.-മാരുടെ കവറിംഗ് ലെറ്ററോടുകൂടി നൽകുന്ന ചികിത്സാ സഹായ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കി സാമ്പത്തിക സഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കാൻസർപോലുള്ള മാരകരോഗങ്ങൾ ബാധിച്ച് അടിയന്തര ചികിത്സാസഹായം ആവശ്യമുള്ള അത്യാസന്ന നിലയിലുള്ള രോഗികളുടെ അപേക്ഷകൾ തീർപ്പാക്കി ധനസഹായം അനുവദിക്കുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുമോ ?

ഉത്തരം

(എ) കാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അർഹരായ എല്ലാ അപേക്ഷകർക്കും സമയബന്ധിതമായി സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പാക്കേജ്

57 (7616) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ പാക്കേജ് പ്രഖ്യാപിച്ചിരുന്നോയെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly